## ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കുക (അപേക്ഷ സംബന്ധിച്ചുള്ള പരാതികൾ)

ഓരോ തസ്തികയുടേയും അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ My Application ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷ pdf ഡോക്യുമെന്റ് ആയി ഡൌൺലോഡ് ചെയ്യുകയോ അല്ലെങ്കിൽ അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. അപേക്ഷകൾ സംബന്ധിച്ചുള്ള പരാതികൾ അതിന്റെ പകർപ്പില്ലാതെ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

## പരീക്ഷയ്ക്ക് confirmation നടത്തുമ്പോൾ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടത്

ഉദ്യോഗാർത്ഥികൾ തസ്തികയ്ക്ക് confirmation ചെയ്യുമ്പോൾ ലഭിക്കുന്ന OTP നിർദ്ദിഷ്ട സ്ഥാനത്ത് ടൈപ്പ് ചെയ്ത് Click Here ബട്ടൺ ക്ലിക്ക് ചെയ്തതിനുശേഷം താഴെ കാണുന്ന ഡിക്ലറേഷൻ tick ചെയ്ത് Submit Confirmation ബട്ടൺ അമർത്തുക. തുടർന്ന് കാണിക്കുന്ന OK ബട്ടണും ക്ലിക്ക് ചെയ്ത് കൺഫർമേഷൻ പൂർത്തിയാക്കേണ്ടതാണ്. അതിനുശേഷം പ്രൊഫൈലിലെ Confirmation ലിങ്കിൽ പോയി തസ്തികയുടെ കൺഫർമേഷൻ Received ആയോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## പ്രധാന അറിയിപ്പ് -മൊബൈൽ sms സംബന്ധിച്ച് ശ്രദ്ധിക്കുക

കേരള പബ്ലിക് സർവീസ് കമ്മീഷൻ ആഫീസുകളിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് അയക്കുന്ന sms കൾ ചില കമ്പനികളുടെ ഫോണുകൾ ഉപയോഗിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് karnataka public service commission എന്ന തലക്കെട്ടിൽ മെസ്സേജുകൾ ദൃശ്യമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അത്തരം ഫോണുകളിലെ ഓപ്പറേറ്റിംഗ് സംവിധാനം KPSC എന്നത് Kerala PSC യ്ക്ക് പകരം Karnataka PSC എന്ന് വ്യാഖ്യാനിക്കുന്നതിനാലാണ് തെറ്റായി ദൃശ്യമാകുന്നത്. പ്രസ്തുത ഹാൻഡ്സെറ്റ് ഉപയോഗിക്കുന്ന ഉദ്യോഗാർത്ഥികൾ അത്തരം തലക്കെട്ടോടെ ലഭിക്കുന്ന sms കളും പരിശോധിച്ച് അവ Kerala PSC യുടേതാണോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതോടൊപ്പം ഉദ്യോഗാർത്ഥികൾ sms ലഭിച്ചാലുടൻ അവരവരുടെ പ്രൊഫൈൽ സന്ദേശങ്ങൾ/ ഇ-മെയിൽ എന്നിവകൂടി പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് അറിയിക്കുന്നു.